LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി

151 [156] ശ്രീ. കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി മെഡിക്കൽ സീറ്റുകൾ ഇരട്ടിപ്പിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ;

(ബി) ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നത് കൊണ്ടുള്ള മേന്മ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഷിഫ്റ്റ് സമ്പ്രദായം ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതിനെ സംബന്ധിച്ച് കൂടിയാലോചനകൾ ഒന്നും നടന്നിട്ടില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) മെഡിക്കൽ കോളേജിലെ വിദ്യാഭ്യാസ സമ്പ്രദായം മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ഗൈഡ് ലൈൻസ് പ്രകാരമാണ്. ഈ ഗൈഡ് ലൈൻസിൽ ഷിഫ്റ്റ് സമ്പ്രദായം ഉൾപ്പെടുത്തിയിട്ടില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ താൽക്കാലിക നിയമനങ്ങൾ

152 [157] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്രപേരെ ദിവസക്കൂലി അടിസ്ഥാനത്തിലും കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം നിയമിച്ചവരുടെ പേരുവിവരം വെളിപ്പടുത്തുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം എത്രപേരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വീപ്പർ, നേഴ്സിംഗ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിലായി 187 പേരെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) പേരുവിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ആശുപത്രി അറ്റൻഡർ ഗ്രേഡ് 2 ആയി 34 പേരെ നിയമിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.